പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2126 — 12.02.2013 ൽ മറുപടിക്ക്

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സ്വീകരിച്ച നടപടി

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ

(എ) സ്ത്രീകൾക്കെതിരെയുള്ള ലൈംഗികമായ കയ്യേറ്റങ്ങളെ തടയുവാൻ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സ്ത്രീകളും കുട്ടികളും സാധാരണമായി സഞ്ചരിക്കാറുള്ള സ്ഥലങ്ങളിലും, മറ്റ് പൊതുസ്ഥലങ്ങളിലും പോലീസ് പട്രോളിംഗും, വനിതാ പോലീസിന്റെ സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നുണ്ട്. Anti Human Trafficking Unit (AHTU) കളുടെയും, ലോക്കൽ പോലീസിന്റെയും ജനമൈത്രി സംവിധാനത്തിന്റെയും സഹകരണത്തോടെ നിരന്തര റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ചൂഷണം, തട്ടിക്കൊണ്ട് പോകൽ തുടങ്ങിയ അതിക്രമങ്ങൾ തടയുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള "നിർഭയ" പദ്ധതി ഫലപ്രദമാക്കുന്നതിന് Anti Human Trafficking Unit(AHTU) ന്റെ തുൾപ്പെടെയുള്ള നിയമസഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 21.12.2012 ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 328/12/ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷണവും അനന്തര നടപടികളും കൂടു

| | | | |
|---|---|---|---|
| | | | തൽ ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ ഐ.പി.എസ്., ശ്രീമതി ഉമാ ബഹറ ഐ.പി.എസ്., ശ്രീമതി അജിതാ ബീഗം ഐ.പി.എസ്., ശ്രീമതി ചന്ദൻ ചൗധരി ഐ.പി.എസ്. എന്നീ വനിതാ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ശിക്ഷ വർദ്ധിപ്പിക്കുവാനുള്ള എന്തെങ്കിലും നിയമ ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ